No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# <u>പത്രക്കുറിപ്പ്</u>

## <u>2019–ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്കും NATA സ്കോറും വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി</u>

2019–ലെ ആർക്കിടെക്ചർ(ബി.ആർക്ക്) റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ, ഓൺലൈനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **25.05.2019 മുതൽ 30.05.2019 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അവരുടെ യോഗ്യതാപരീക്ഷയുടെ മാർക്കും NATA സ്കോറും സമർപ്പിക്കുവാനും പ്ലസ്ടു/തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെയും നാറ്റാ സ്കോർ കാർഡിന്റെയും pdf ഫോർമാറ്റുകൾ അപ്‌ലോഡ് ചെയ്യുവാനും നിർദ്ദേശിച്ചിരുന്നു.**

അപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ചതും ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിക്കുന്നതുമായ മാർക്ക് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മാർക്ക് വിവരങ്ങൾ പരിശോധനയ്ക്കായി മേൽ വെബ്സൈറ്റിൽ **2019 ജൂൺ 4 രാവിലെ 10 മണി വരെ** ലഭ്യമാകും. അപേക്ഷാർത്ഥികൾ മേൽ വെബ്സൈറ്റിലെ <u>**'KEAM 2019 Candidate Portal'**</u> എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'B.Arch Mark Verification'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം വെബ്പേജിൽ കാണുന്ന മാർക്ക് വിവരങ്ങൾ പരിശോധിക്കേണ്ടതാണ്.

- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ ശരിയാണെങ്കിൽ ഒരോന്നിനും നേരെയുള്ള **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം **'Verified and Found Correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/ വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് **'Verified and Found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ/ നാറ്റാ സ്കോർ കാർഡിന്റെ പകർപ്പ് വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വെബ്സൈറ്റിലെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ളവർ ആയത് മേൽപ്പറഞ്ഞ രീതിയിൽ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനുള്ളിൽ ചെയ്തിരിക്കേണ്ടതാണ്. മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുള്ള തപാലിലോ നേരിട്ടോ ലഭിക്കുന്ന അപേക്ഷകളോ, ഇ-മെയിൽ/ ഫാക്സ് മുഖേനയുള്ള അപേക്ഷകളോ പരിഗണിക്കുന്നതല്ല.

**04.06.2019 രാവിലെ 10 മണി**യ്ക്ക് നിലവിലുള്ള മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ **2019–ലെ** ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പു വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിലെ മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

<u>മാർക്ക് സമർപ്പണത്തിലെ അപാകതകൾ പരിഹരിക്കാൻ ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാത്ത വിദ്യാർത്ഥികളുടെയും, അപ്‌ലോഡ് ചെയ്ത രേഖകളിൽ അപാകതകൾ ഉള്ളവരുടെയും ഫലം തടഞ്ഞുവയ്ക്കുന്നതാണ്.</u>

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.06.2019